## കേരള സർക്കാർ

## ധനകാര്യ (പബ്ലിക് അണ്ടർടേക്കിംഗ്സ് -സി) വകുപ്പ്

### <u>പരിപത്രം</u>

നം. 13/2020/ധന                                                                 തിരുവനന്തപുരം, തീയതി: 03/03/2020.

വിഷയം:- പൊതുമേഖല/സ്വയംഭരണ സ്ഥാപനങ്ങളിൽ കരാർവ്യവസ്ഥയിൽ ജീവനക്കാരെ നിയമിക്കുന്നത് -23.12.2019-ലെ സർക്കുലർ റദ്ദുചെയ്ത്, തുടർ നിർദ്ദേശം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. സർക്കുലർ നം. 48/2015/ധന തീയതി 13.05.2015
2. സ.ഉ (അച്ചടി)നം. 81/2019/ധന തീയതി 09.07.2019
3. സർക്കുലർ നം.100/2019/ധന തീയതി 23.12.2019

പൊതുമേഖല/സ്വയംഭരണ സ്ഥാപനങ്ങളിൽ കരാർ വ്യവസ്ഥയിൽ ജീവനക്കാരെ നിയമിക്കുന്നതിനും അവരുടെ ശമ്പളം നിശ്ചയിക്കുന്നതിനും സൂചന 1 സർക്കുലർ പ്രകാരം മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. എന്നാൽ വിരമിച്ച സർക്കാർ ജീവനക്കാരനെ കരാർ വ്യവസ്ഥയിൽ നിയമിക്കുമ്പോൾ നൽകേണ്ട വേതനം സംബന്ധിച്ച് നിബന്ധന ഉൾപ്പെടുത്താത്തതിനാൽ ഈ ഇനത്തിൽ സർക്കാരിന് അധിക സാമ്പത്തിക ബാധ്യതയുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതുമേഖല/സ്വയംഭരണ സ്ഥാപനങ്ങളിൽ വിരമിച്ച ജീവനക്കാരനെ കരാർ വ്യവസ്ഥയിൽ നിയമിക്കേണ്ടി വരുന്ന പക്ഷം, വിരമിച്ച ജീവനക്കാരൻ അവസാനം വാങ്ങിയ അടിസ്ഥാന ശമ്പളത്തിൽ നിന്നും പെൻഷൻ കുറച്ചതുക, അതത് കാലത്തു സർക്കാർ നിശ്ചയിക്കുന്ന കരാർ വേതനം/ദിവസവേതനം മാസകണക്കിൽ ഇവയിൽ ഏതാണോ കുറഞ്ഞ തുക, ആ തുക വിരമിച്ച ജീവനക്കാരന്റെ കരാർ വേതനമായി നിജപ്പെടുത്തി, കെ.എസ്.ആർ ഭാഗം-I

ചട്ടം 8 പ്രകാരമുള്ള കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമേ നിയമനം നൽകാൻ പാടുള്ളൂ എന്ന വ്യവസ്ഥ കൂടി ഉൾപ്പെടുത്തി സൂചന 1 സർക്കുലറിലെ ഖണ്ഡിക 1 (5)-ൽ തുടർ നിർദ്ദേശം പുറപ്പെടുവിക്കുന്നു. സൂചന 3 സർക്കുലർ ഇതിനാൽ റദ്ദു ചെയ്യുന്നു.

**യമുന.വി**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ജി& എസ്.എസ്.എ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ), കേരള, തിരുവനന്തപുരം.
എല്ലാ വകുപ്പ് തലവന്മാർക്കും.
സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും.
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/ പ്രിൻസിപ്പൽ സെക്രട്ടറിമാർ / സെക്രട്ടറിമാർ / സ്പെഷ്യൽ സെക്രട്ടറിമാർ / അഡീഷണൽ സെക്രട്ടറിമാർ/ ജോയിന്റ് സെക്രട്ടറിമാർ / ഡെപ്യൂട്ടി സെക്രട്ടറിമാർ / അണ്ടർസെക്രട്ടറിമാർ.
പ്ലാനിംഗ് & എക്കണോമിക് അഫയേഴ്സ് (BPE) വകുപ്പ്.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫോർമേഷൻ & പബ്ലിക്ക് റിലേഷൻസ്, തിരുവനന്തപുരം.
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (PU –C1/208/2018–FIN).

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ